2026
JANUARY
10
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




### കേന്ദ്ര വനിതാശിശു വികസന മന്ത്രാലയം സംയോജിത ഡിജിറ്റൽ പോർട്ടൽ

# ‘പൻഖുഡി’ ആരംഭിച്ചു




**കൊച്ചി:** വനിതാ ശിശു വികസനത്തിനായുള്ള സംരംഭങ്ങളിൽ ഏകോപനം, സുതാര്യത, ഘടനാപരമായ പങ്കാളിത്തം എന്നിവ ശക്തിപ്പെടുത്തുന്നതിന് ലക്ഷ്യമിട്ട് പൻഖുഡി എന്ന പേരിൽ കോർപ്പറേറ്റ് സോഷ്യൽ റെസ്‌പോൺസിബിലിറ്റി (സിഎസ്ആർ), പങ്കാളിത്ത സംയോജിത ഡിജിറ്റൽ പോർട്ടലിന് കേന്ദ്ര വനിതാശിശു വികസന മന്ത്രാലയം തുടക്കം കുറിച്ചു. കേന്ദ്രമന്ത്രി അനുപമാ ദേവി ഉദ്ഘാടനം നിർവ്വഹിച്ചു. രാജ്യത്തുടനീളമുള്ള സ്ത്രീകളുടെയും കുട്ടികളുടെയും സമഗ്രവും സഹകരണപരവും ഫലപ്രാപ്തിയുള്ളതുമായ വികസനത്തിനായി ഡിജിറ്റൽ പരിഹാരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണ് പൻഖുഡി പോർട്ടൽ.

സുതാര്യവും വിശ്വസനീയവും സാങ്കേതികവിദ്യ അധിഷ്ഠിതവുമായ ചട്ടക്കൂടിലൂടെ ഇത് സിഎസ്ആർ നിർവഹണം സുഗമമാക്കുകയും ഗവൺമെന്റുമായുള്ള പങ്കാളിത്തം വർദ്ധിപ്പിക്കുകയും ചെയ്യും. 14 ലക്ഷത്തിലധികം അംഗൻവാടി കേന്ദ്രങ്ങൾ, അയ്യായിരത്തിലധികം ശിശു സംരക്ഷണ സ്ഥാപനങ്ങൾ, ഏകദേശം 800 വൺ സ്റ്റോപ്പ് സെന്ററുകൾ (ഒഎസ്‌സി), 500 ലധികം സഖി നിവാസ്, 400 ലധികം ശക്തി സദൻ എന്നിവയിലൂടെ നൽകുന്ന അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും ഇത് മെച്ചപ്പെടുത്തും. വ്യക്തികൾ, പ്രവാസി ഇന്ത്യക്കാർ (എൻആർഐ), ഗവൺമെന്റിതര സംഘടനകൾ (എൻജിഒകൾ), കോർപ്പറേറ്റ് സോഷ്യൽ റെസ്‌പോൺസിബിലിറ്റി (സിഎസ്ആർ) സംഭാവന ചെയ്യുന്നവർ, കോർപ്പറേറ്റ് സ്ഥാപനങ്ങൾ, വനിതാ ശിശു വികസന മേഖലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ഏജൻസികൾ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുന്ന ഒരു ഏകജാലക ഡിജിറ്റൽ പ്ലാറ്റ്‌ഫോമായാണ് പൻഖുഡി വികസിപ്പിച്ചിരിക്കുന്നത്. പോഷകാഹാരം, ആരോഗ്യം, ശൈശവകാല പരിചരണവും വിദ്യാഭ്യാസവും (ഇസിസിഇ), ശിശുക്ഷേമം, സംരക്ഷണവും പുനരധിവാസവും, വനിതാ സുരക്ഷയും ശാക്തീകരണവും ഉൾപ്പെടെയുള്ള പ്രധാന മേഖലകളിലെ സന്നദ്ധവും സ്ഥാപനപരവുമായ സംഭാവനകളെ പോർട്ടൽ കാര്യക്ഷമമാക്കുകയും ഏകീകരിക്കുകയും ചെയ്യും. സിഎസ്ആറിനും സന്നദ്ധ സംഭാവനകൾക്കും ഒരു പൊതു ഡിജിറ്റൽ ഇന്റർഫേസ് നൽകിക്കൊ് പങ്കാളികൾക്കിടയിലെ സംയോജനവും ഏകോപനവും പോർട്ടൽ വർദ്ധിപ്പിക്കുന്നു. കൂടാതെ വനിതാ ശിശുക്ഷേമവും ശാക്തീകരണവും ലക്ഷ്യമിട്ടുള്ള സംരംഭങ്ങളുടെ മികച്ച നിർവഹണം, നിരീക്ഷണം, ഉത്തരവാദിത്വ എന്നിവയെയും പോർട്ടൽ സഹായിക്കും.

മന്ത്രാലയത്തിന്റെ പ്രധാന ദൗത്യങ്ങളായ മിഷൻ സാക്ഷം അംഗൻവാടി ആന്റ് പോഷൻ 2.0, മിഷൻ വാത്സല്യ, മിഷൻ ശക്തി എന്നിവ നടപ്പാക്കാൻ ഘടനാപരവും സുതാര്യവുമായ ഡിജിറ്റൽ സംവിധാനത്തിലൂടെ പൻഖുഡി ശക്തിപ്പെടുത്തം. സംഭാവന നൽകുന്നവർ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും സംരംഭങ്ങൾ തിരിച്ചറിയുകയും നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അവരുടെ സംഭാവനകളുടെ തൽസ്ഥിതി അവർക്ക് നിരീക്ഷിക്കാനും സാധിക്കും. കേന്ദ്ര, സംസ്ഥാന ഗവൺമെന്റ് വകുപ്പുകൾ, നിർവഹണ ഏജൻസികൾ, പൗര സമൂഹ സ്ഥാപനങ്ങൾ, പൊതു, സ്വകാര്യ മേഖലകളിൽ നിന്നുള്ള പങ്കാളികൾ എന്നിവരുമായും ‘പൻഖുഡി’ സഹകരണം സാധ്യമാക്കുന്നു. സാമ്പത്തിക സുതാര്യതയുടെ ഭാഗമായി, പോർട്ടലിലൂടെയുള്ള എല്ലാ സംഭാവനകളും പണരഹിത ഇടപാടുകളിലൂടെ മാത്രമേ സ്വീകരിക്കുകയുള്ളൂ.

## മാധ്യമ പ്രവർത്തനത്തിൽ കാതലായ മാറ്റങ്ങൾ വേണം: ബംഗാൾ ഗവർണർ ഡോ.സി വി ആനന്ദ ബോസ്




**കൊച്ചി:** ജനാധിപത്യത്തിന്റെ ജിഹ്വയാണ് മാധ്യമങ്ങളെന്ന് ബംഗാൾ ഗവർണർ ഡോ.സി വി ആനന്ദബോസ്. എറണാകുളം പ്രസ്‌ക്ലബും പി. എൻ പ്രസന്നകുമാർ ഫൗണ്ടേഷനും ചേർന്ന് സംഘടിപ്പിച്ച പ്രഥമ പി. എൻ പ്രസന്നകുമാർ സ്മാരക മാധ്യമ അവാർഡ് മലയാള മനോരമ മുൻ എഡിറ്റോറിയൽ ഡയറക്ടർ തോമസ് ജേക്കബിന് സമ്മാനിച്ച് സംസാരിക്കുകയായിരുന്നു ഗവർണർ. സമൂഹത്തിന്റെ കണ്ണാടിയാണ് മാധ്യമങ്ങൾ. എന്നാൽ മാധ്യമപ്രവർത്തനത്തിൽ കാതലായ മാറ്റങ്ങൾ വേണമെന്നും അദ്ദേഹം പറഞ്ഞു. സത്യം എപ്പോഴും ശരിയായി പടരുമെങ്കിലും വിശദീകരണങ്ങളും വ്യാഖ്യാനങ്ങളും ശിഖരങ്ങൾ പോലെ ഏത് ദിശയിലേക്കും പടരും. ഇതുപോലെയാണ് വർത്തമാനകാലത്ത് വാർത്തകളുടെ കാര്യമെന്നും അദ്ദേഹം പറഞ്ഞു. പ്രവചനാത്മകമായ മാധ്യമപ്രവർത്തനമാണ് ഇപ്പോഴത്തേതെന്ന് തോമസ് ജേക്കബ് മറുപടി പ്രസംഗത്തിൽ പറഞ്ഞു. മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പി എൻ പ്രസന്നകുമാർ സ്മാരക പ്രഭാഷണം നടത്തി. എറണാകുളം പ്രസ്‌ക്ലബ് പ്രസിഡന്റ് ആർ ഗോപകുമാർ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എംപി, എം എൽ എ മാരായ കെ. ബാബു, ടി. ജെ വിനോദ്, മേയർ അഡ്വ.വി കെ മിനിമോൾ, വേണു രാജാമണി എന്നിവർ പ്രസംഗിച്ചു. പ്രസ്‌ക്ലബ് സെക്രട്ടറി എം. ഷജിൽകുമാർ സ്വാഗതവും പ്രസന്നകുമാർ ഫൗണ്ടേഷൻ അംഗം എൻ. ശ്രീകുമാർ നന്ദിയും പറഞ്ഞു.

## എം.എൽ.എ കപ്പ്: ഡോൺബോസ്‌കോ വടുതല ചാംപ്യന്മാർ

**കൊച്ചി:** എറണാകുളം എം.എൽ.എ ടി.ജെ വിനോദിന്റെ ലഹരിക്കെതിരായ കാമ്പയിൻ എറണാകുളം അഡിക്റ്റഡ് റ്റു ഫുട്‌ബോൾ എന്ന ആപ്ത വാക്യവുമായി നടത്തിയ എം.എൽ.എ കപ്പ് നാലാം സീസണിലെ കലാശ പോരാട്ടത്തിൽ ഡോൺബോസ്‌കോ വടുതല ഏക പക്ഷീയമായ ഒരു ഗോളിന് സെന്റ്. ആൽബർട്സ് എച്ച്.എസ്.എസ്നെ പരാജയപ്പെടുത്തി രണ്ടാം തവണയും കിരീടം ചൂടി. ഫൈനലിനു മുന്നോടിയായി നടന്ന പ്രദർശന മത്സരത്തിൽ എസ്.ആർ.വി വനിതാ ടീം മഹാരാജാസ് വനിതാ ടീമിനെ എറണാകുളത്തിനെ പരാജയപ്പെടുത്തി. വിജയികൾക്കുള്ള ട്രോഫിയും ക്യാഷ് അവാർഡും കൊച്ചി കോർപ്പറേഷൻ മേയർ വി.കെ മിനിമോൾ സമ്മാനിച്ചു. ടി.ജെ.വിനോദ് എം.എൽ.എയുടെ അധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ, ജില്ലാ പഞ്ചായത് വൈസ് പ്രസിഡന്റ് സിന്റ ജേക്കബ്,എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ടി.എ സുധീർ എന്നിവർ മുഖ്യാഥിതികൾ ആയിരുന്നു. മുൻ എം.എൽ.എ ലൂഡി ലൂയിസ്, കൗൺസിലർമാരായ സീന ടീച്ചർ, ഹെൻറി ഓസ്റ്റിൻ, കെ.വി.പി കൃഷ്ണകുമാർ, കെ.എക്സ് ഫ്രാൻസിസ്, ബാസ്റ്റിൻ ബാബു, ചേരാനല്ലൂർ പഞ്ചായത്ത് മെമ്പർ രാജു അഴീക്കകത്ത്, ജോഷി പള്ളൻ, വിജു ചൂളക്കൽ, സനൽ നെടിയതറ തുടങ്ങിയവർ പ്രസംഗിച്ചു. സമാപന സമ്മേളനത്തോട് അനുബന്ധിച്ച്, എക്സൈസ് വകുപ്പിന്റെ വിമുക്തി പ്രോഗ്രാമിന്റെ ഭാഗമായി സെന്റ്. തെരേസാസ് കോളേജിന്റെ സഹകരണത്തോടെ വിദ്യാർഥിനികൾ ഫ്ളാഷ്മോബും അവതരിപ്പിച്ചു.






# ഇന്നത്തെ പരിപാടി

## കൊച്ചി

**എറണാകുളം, കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം:** ഇന്ത്യ ഇന്റർനാഷണൽ ട്രാവൽ മാർട്ട് എക്സിബിഷൻ രാവിലെ 10 മുതൽ.

**എറണാകുളം ബിടിഎച്ച് ഹോട്ടൽ:** ഗ്ലോബൽ കേരളാ ഇനിഷ്യേറ്റീവ് കേരളീയം ഏർപ്പെടുത്തിയിട്ടുള്ള വി കെ മാധവൻ കുട്ടി മാധ്യമ പുരസ്ക്കാര സമർപ്പണം മന്ത്രി പി. രാജീവ്, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ വൈകുന്നേരം 03.00 ന്.

**എറണാകുളം കച്ചേരിപ്പടി സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാൾ:** വിസ തട്ടിപ്പിന് ഇരയായവർക്ക് നീതി ലഭ്യമാക്കാൻ സെന്റർ ഫോർ മൈഗ്രന്റ് ഇൻഡ്യൻ സ്റ്റുഡൻസിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കൂട്ടായ്മ രാവിലെ 9.30 മുതൽ.

**ഐഎംഎ ഹൗസ്** : ദീപിക 139-ാം വാർഷികാഘോഷവും ഐക്കൺസ് ഓഫ് ദ ഇയർ പുരസ്കാര സമർപ്പണവും - ഉദ്ഘാടനം പശ്ചിമ ബംഗാൾ ഗവർണർ ഡോ.സി. വി, ആനന്ദബോസ് - രാവിലെ 10.30ന്.

**ചാവറ കൾച്ചറൽ സെന്റർ** : ധരണി കലോത്സവ് - ഫാദർ സാജു ജോർജ് എസ്.ജെ ആൻഡ് ട്രൂപ്പ് ഭരതനാട്യം വൈകീട്ട് 6.30ന്.

**മഹാരാജാസ് കോളേജ് കെമിസ്ട്രി ഗാലറി :** രസതന്ത്രവിഭാഗം 'റീബോണ്ട് 2026' മെഗാ പൂർവവിദ്യാർഥിസംഗമം - രാവിലെ 10 മണിക്ക്.

## തൃപ്പൂണിത്തുറ

**തൃപ്പൂണിത്തുറ പുതിയ കാവ് ഗ്രൗണ്ട് :** സോളാർ ട്രേഡ് അസോസിയേഷൻ 'മാസ്റ്റേഴ്സ് അസോസിയേഷൻ' സംഘടിപ്പിക്കുന്ന സോളാർ എക്സിബിഷൻ കേരള ആർ.ഇ എക്സ്പോ രാവിലെ 10 മുതൽ

**തൃപ്പൂണിത്തുറ പാലസ് ഗ്രൗണ്ട് :** ഫ്രറ്റേണിറ്റി കപ്പ് ട്വന്റി20 ക്രിക്കറ്റ് ടൂർണമെന്റ് - രാവിലെ 11 മുതൽ.

**എസ്.എൻ ജംഗ്ഷൻ അഭയം ഹാൾ :** പെൻഷണേഴ്സ് സംഘ് ജില്ലാ സമ്മേളനം - രാവിലെ 10 മണിക്ക്.

## കോതമംഗലം

**കോതമംഗലം റവന്യൂ അങ്കണം:** ബോധി കലാസാംസ്ക്കാരി സംഘടനയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന പുസ്തകോത്സവം രാവിലെ 9.30 മുതൽ, പുസ്തകാസ്വാദനം-വൈകുന്നേരം 5.30 ന്.

## തിരുവൈരാണിക്കുളം

**തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രം :** ശ്രീ പാർവതിദേവിയുടെ നടതുറപ്പ് മഹോത്സവം - പുലർച്ചെ 4 മണി മുതൽ.

## ആലുവ

**ആലുവ ടൗൺ ഹാൾ :** ചാലക്കൽ വനിതാ കോളേജ് വിദ്യാർത്ഥികളുടെ സനദ് ദാന സമ്മേളനം-ഉദ്ഘാടനം അഡ്വ. ഹാരിസ്ബീരാൻ എം പി - രാവിലെ 10 മണി.

**മംഗലപ്പുഴ സെന്റ് ജോസഫ്സ് പള്ളി :** വിശുദ്ധ യൗസേപ്പിതാവിന്റെയും വിശുദ്ധ സെബസ്ത്യാനോസിന്റെയും തിരുന്നാൾ - വൈകീട്ട് 5.30ന്.

## പെരുമ്പാവൂർ

**കിഴക്കേ കുമ്മനോട് തൈക്കാവിന് സമീപം :** കുമ്മനോട് സൽസബീൽ കലാസമിതിയുടെ നേതൃത്വത്തിൽ കോൽകളിയും അരങ്ങേറ്റവും വിവിധ മേഖലകളിൽ കഴിവുതെളിച്ചവരെ ആദരിക്കലും - വൈകീട്ട് 6.30ന്.

**ഫാസ് ഓഡിറ്റോറിയം :** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്ക് വിജയിച്ചവരുടെ അനുമോദന സമ്മേളനം - വൈകീട്ട് 6.30ന്.

## അങ്കമാലി

**കറുകുറ്റി പങ്ങയ്ക്കൽ കെപിജി സ്മാരക വായനശാല :** കെപിജി ദിനാചരണം 2026 - വൈകീട്ട് 6ന്.


## പറവൂർ

**പറവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ :** ജില്ലാ ലൈബ്രറി കൗൺസിൽ സർഗോത്സവം - ഉദ്ഘാടനം കൂടിയാട്ട കലാകാരൻ മാർഗി മധു - രാവിലെ 10 ന്.

# 'മിട്രൽ ക്ലിപ്പ്' ഉപയോഗിച്ച് ഹൃദയ ചികിത്സ; പുതിയ തുടക്കവുമായി കോഴിക്കോട് മൈഹാർട്ട് സ്റ്റാർ കെയർ ആശുപത്രി

**കോഴിക്കോട് :** ഗുരുതരമായ ഹൃദ്രോഗം ബാധിച്ച് മലേഷ്യയിൽ നിന്നെത്തിയ 51കാരനെ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത മിട്രൽ ക്ലിപ്പ് ഉപകരണം 'മൈക്ലിപ്പ്' ഉപയോഗിച്ച് നടത്തിയ ചിൽസയിലൂടെ ജീവിതത്തിലേക്ക് തിരികെയെത്തിച്ച് കോഴിക്കോട് മൈഹാർട്ട് സ്റ്റാർകെയർ ആശുപത്രി. സീനിയർ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റ് ഡോ. എസ്.എം. അഷ്റഫാണ് ഏറ്റവും കുറഞ്ഞ മുറിവ് മാത്രം വരുത്തുന്ന രീതിയിൽ മൈക്ലിപ്പ് ശസ്ത്രക്രിയ നടത്തിയത്. ഇന്ത്യയിൽ താങ്ങാവുന്ന നിരക്കിൽ ഹൃദയ പരിചരണം ലഭ്യമാക്കുന്നതിൽ ഒരു പ്രധാന നാഴികക്കല്ലായി ഇത് മാറി.

മൂന്ന് വർഷത്തിലേറെയായി ദൈനംദിന പ്രവർത്തനങ്ങൾ പോലും സ്വയം ചെയ്യാൻ കഴിയാത്ത നിലയിലായിരുന്നു രോഗി. ഹൃദയത്തിൽ രക്തം തിരിച്ചൊഴുകുന്ന, ഹൃദയ വാൽവിന്റെ ഗുരുതര തകരാറായ മിട്രൽ റീഗർജിറ്റേഷൻ (എംആർ) എന്നതായിരുന്നു രോഗാവസ്ഥ. രോഗലക്ഷണങ്ങൾ വഷളായി ഹൃദയസ്തംഭന സാധ്യതയ്ക്ക് വരെ കാരണമാകുന്ന നിലയിലായിരുന്നു അദ്ദേഹം. രോഗിയുടെ പ്രായം, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ എന്നിവ മൂലം തുറന്ന ഹൃദയ ശസ്ത്രക്രിയയോ ഹൃദയം മാറ്റിവയ്ക്കൽ പോലുള്ള പരമ്പരാഗത ചികിത്സാ മാർഗങ്ങൾ വളരെ അപകടകരമായതിനാൽ പരിഗണിച്ചില്ല. മരുന്നുകൾ കൊണ്ടും ചികിത്സ മതിയാകുകയുമില്ലായിരുന്നു തുടർന്നാണ് ഇന്ത്യൻ മെഡിക്കൽ ടെക്നോളജി കമ്പനിയായ 'മെറിൽ' അടുത്തിടെ അവതരിപ്പിച്ച മിട്രൽ വാൽവ് തകരാർ പരിഹരിക്കുന്ന 'മൈക്ലിപ്' എന്ന ഉപകരണത്തിന്റെ സഹായത്താൽ ചികിൽസ നടത്തിയത്.



യുഎസ് നിർമ്മിത മിട്രൽ ക്ലിപ്പുകൾ മാത്രമേ ഇന്ത്യയിൽ ലഭ്യമായിരുന്നുള്ളൂ. എന്നാൽ അവയുടെ ഉയർന്ന വില മൂലം മിക്ക രോഗികൾക്കും താങ്ങാനാകുമായിരുന്നില്ല. 1.5 ദശലക്ഷം ഇന്ത്യക്കാർ കടുത്ത മിട്രൽ റീഗർജിറ്റേഷൻ മൂലം ബുദ്ധിമുട്ട് നേരിടുന്നതായി കോഴിക്കോട് മൈഹാർട്ട് സ്റ്റാർകെയർ ആശുപത്രിയിലെ സീനിയർ ഇന്റർവെൻഷണൽ കാർഡിയോളജിസ്റ്റ് ഡോ. ആശിഷ് കുമാർ മാൻഡലെ പറഞ്ഞു. ചികിത്സിച്ചില്ലെങ്കിൽ, എംആർ വിനാശകരമായ ഫലങ്ങളാണ് വരുത്തിവെക്കുക. 50 ശതമാനത്തിൽ കൂടുതൽ പേർക്ക് രോഗം അതിജീവിക്കാൻ കഴിഞ്ഞേക്കില്ല, ഒരു വർഷത്തെ മരണ നിരക്ക് തന്നെ 57 ശതമാനം വരെയാകാം. അത്തരം രോഗികൾക്ക്, ശസ്ത്രക്രിയ കൂടാതെ ഈ മൈക്ലിപ്പ് ജീവൻ രക്ഷിക്കുന്ന ഒരു ബദൽ ചികിത്സയാണ് വാഗ്ദാനം ചെയ്യുന്നതെന്നും ഡോ. അഷ്റഫ് അഭിപ്രായപ്പെട്ടു.

## നിയമസഭാ തിരഞ്ഞെടുപ്പ്: ജെ.എസ്. എസ് മൂന്നു സീറ്റിൽ മൽസരിക്കും

**കൊച്ചി:** വരാൻ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ജെഎസ്എസ് മൂന്നു സീറ്റിൽ മൽസരിക്കുമെന്ന് ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറിയും മുൻ എംഎൽഎയുമായ അഡ്വ. എ.എൻ രാജൻ ബാബു പറഞ്ഞു. ഉടുമ്പൻചോല, വൈപ്പിൻ, അമ്പലപ്പുഴ സീറ്റിലാണ് ജെ.എസ്.എസ് മൽസരിക്കുന്നത്. ഇക്കാര്യം ചൂണ്ടിക്കാട്ടി യു.ഡി.എഫ്, കോൺഗ്രസ് നേതൃത്വങ്ങൾക്ക് അടുത്ത ദിവസം തന്നെ പാർട്ടി കത്തു നൽകും. കെ. ആർ ഗൗരിയമ്മയുടെ നേതൃത്വത്തിൽ 94 ൽ ജെ.എസ്.എസ് രൂപം കൊണ്ട നാൾ മുതൽ പാർട്ടി യുഡിഎഫിന്റെ അഭിഭാജ്യഘടകമായിട്ടാണ് നിലകൊള്ളുന്നത്. 2001 ൽ അരൂരിൽ അടക്കം പാർട്ടി അഞ്ചു സീറ്റിൽ മൽസരിക്കുകയും നാലിടത്ത് വിജയിച്ച് കെ.ആർ ഗൗരിയമ്മ അന്നത്തെ എ.കെ ആന്റണി മന്ത്രി സഭയിൽ കൃഷി മന്ത്രിയാകുകയും ചെയ്തതാണ്. പിന്നീട് രാഷ്ട്രീയ സമവാക്യങ്ങൾ മാറി മറിഞ്ഞപ്പോഴും യുഡിഎഫിനൊപ്പമാണ് ജെ.എസ്.എസ് നിലകൊണ്ടത്. സീറ്റിന്റെ കാര്യത്തിൽ അന്തിമ തീരുമാനത്തിലെത്തിയതിനു ശേഷം സ്ഥാനാർഥി നിർണ്ണയം ഉൾപ്പെടെയുള്ള ചർച്ചകൾ ആരംഭിക്കുമെന്നും അഡ്വ. എ. എൻ രാജൻ ബാബു പറഞ്ഞു.

## ശ്രദ്ധേയമായി ഭിന്നശേഷി കുട്ടികളുടെ ഫാഷൻ ഷോ

**കൊച്ചി:** വസ്ത്രധാരണത്തിലും സ്വയം പര്യാപ്തത എന്ന ആശയവുമായി നിപ്മറിലെ ഭിന്നശേഷി കുട്ടികൾ നടത്തിയ ഫാഷൻ ഷോ ശ്രദ്ധേയമായി. എറണാകുളം സെന്റ് തെരേസാസ് കോളേജ് ആർട്സ് ബ്ലോക്ക് ഓഡിറ്റോറിയത്തിൽ നടന്ന അനന്യ 2026 ടി.ജെ. വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. പൊതുബോധം അടിച്ചേൽപ്പിക്കുന്ന വസ്ത്ര രീതി ഭിന്നശേഷിക്കാർക്ക് ഏറെ പ്രയാസം സൃഷ്ടിടിക്കുന്ന സാഹചര്യത്തിലാണ് പുതിയ ആശയവുമായി കല്ലേറ്റുംകര നിപ്മറും, എറണാകുളം സെന്റ് തെരേസാസ് കോളേജും കൈകോർക്കുന്നത്. ഓട്ടിസം, സെറിബ്രൽ പാൾസി ബാധിതരായ 17 കുട്ടികളാണ് ഫാഷൻ ഷോയിൽ പങ്കെടുത്തത്. അഡാപ്റ്റ്എൻഫിറ്റ് എന്ന പദ്ധതിയുടെ പ്രചരാണർത്ഥമാണ് ഫാഷൻ ഷോ സംഘടിപ്പിച്ചത്. സെന്റ്. തെരേസാസ് കോളേജിലെ ഫാഷൻ ഡിസൈനിങ് വിഭാഗമാണ് പദ്ധതിയ്ക്ക് സാങ്കേതിക സഹായം നൽകുന്നത്. സെന്റ് തെരേസാസ് ഡയറക്റ്റർ സിസ്റ്റർ ടെസ്സ പരിപാടിയിൽ അധ്യക്ഷത വഹിച്ചു. നിപ്മർ എക്സിക്യൂട്ടീവ് ഡയറക്റ്റർ ഡോ. ടി.കെ. അബ്ബാസ് അലി, സിസ്റ്റർ. ഫ്രാൻസിസ് ആൻ (സിഎസ്എസ്ടി), കോളേജ് പ്രിൻസിപ്പൽ അനു ജോസഫ്, ഫാഷൻ ഡിസൈനിങ് വിഭാഗം മേധാവി സുപ്രിയ ദാമോദരൻ, മധുമിത എന്നിവർ പങ്കെടുത്തു.

## വാഴ്ത്തപ്പെട്ട മദർ ഏലീശ്വയുടെ തിരുശേഷിപ്പ് പ്രതിഷ്ഠ നാളെ എളംകുളം ഫാത്തിമ പള്ളിയിൽ

**കൊച്ചി:** വാഴ്ത്തപ്പെട്ട മദർ ഏലീശ്വയുടെ തിരുശേഷിപ്പ് സ്വീകരണവും പ്രതിഷ്ഠയും എളംകുളം ഫാത്തിമ മാത പള്ളിയിൽ നാളെ രാവിലെ 7.30 ന് നടക്കും. വരാപ്പുഴ അതിരൂപത സഹായ മെത്രാൻ ഡോ. ആന്റണി വാലുങ്കൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യ കാർമ്മീകത്വം വഹിക്കും.

## കെ.വി.വി.ഇ.എസിൽ നിന്ന് പുറത്താക്കി

**കൊച്ചി:**സംഘടനാ വിരുദ്ധ പ്രവർത്തനങ്ങളെ തുടർന്ന് കേരള വ്യാപാരി വ്യവസായി ഏകോപനസമിതി (കെ.വി.വി.ഇ.എസ്) എറണാകുളം ജില്ല മുൻ ജനറൽ സെക്രട്ടറിയും, ആലുവ മർച്ചൻസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുമായിരുന്ന എ. ജെ റിയാസിനെ സംഘടനയിൽ നിന്നും പുറത്താക്കിയതായി ഏകോപന സമിതി എറണാകുളം ജില്ലാ പ്രസിഡന്റ് പി. സി ജേക്കബ്ബ് അറിയിച്ചു. സംഘടനാവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയും ജില്ലാ പ്രസിഡന്റിനെ ആക്രമിക്കാൻ ഒത്താശ ചെയ്യുകയും സംഘടനാ നേതാക്കൾക്കെതിരെ കള്ളക്കേസുകൾ നൽകുകയും ചെയ്തതിനെ തുടർന്ന് റിയാസ് അച്ചടക്ക നടപടി നേരിട്ടു വരികയായിരുന്നു. എന്നാൽ തെറ്റു തിരുത്താൻ തയ്യാറാകാതെ വിഭാഗീയ പ്രവർത്തനങ്ങൾ തുടർന്ന സാഹചര്യത്തിലാണ് ജനുവരി ഏഴിന് ചേർന്ന ജില്ലാ പ്രവർത്തക സമിതി യോഗം അദ്ദേഹത്തെ സംഘടനയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും പുറത്താക്കിയതെന്നും പി.സി ജേക്കബ്ബ് പറഞ്ഞു.

## ജസ്റ്റീസ് ജെ.ബി കോശി കമ്മീഷൻ ശിപാർശകൾ നടപ്പാക്കണം

**കൊച്ചി:** ക്രൈസ്തവ പിന്നാക്കവസ്ഥയെ കുറിച്ച് പഠിക്കുന്നതിന് സർക്കാർ നിയമിച്ച ജസ്റ്റിസ് ജെ.ബി കോശി ചെയർമാരായുള്ള കമ്മീഷന്റെ റിപ്പോർട്ട് അടിയന്തരമായി പുറത്തുവിടുകയും അതിലെ ശുപാർശകൾ നടപ്പാക്കുവാൻ വേണ്ടി നടപടികൾ സർക്കാർ സ്വീകരിക്കണെമെന്നും കെ.സി.ബി.സി എസ്.സി കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടു.

ജെയിംസ് ഇലവുങ്കൽ അധ്യക്ഷത വഹിച്ച യോഗം കമ്മീഷൻ ചെയർമാൻ ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പ് അവസരത്തിൽ ഇടതുപക്ഷ മുന്നണി പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനങ്ങൾ ഒന്നു പോലും പാലിച്ചിട്ടില്ല എന്നും യോഗം ആരോപിച്ചു. യോഗത്തിൽ കെ.സി.ബി.സി എസ്. സി, എസ്.റ്റി, ബി.സി കമ്മീഷൻ സെക്രട്ടറി ഫാ. ജോസുകുട്ടി ഇടത്തിനകം, ജസ്റ്റിൻ പി. സ്റ്റീഫൻ, ഡി.എസ് പ്രഭല ഭാസ് എന്നിവർ പ്രസംഗിച്ചു.

# ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം: ചർച്ചയും സംവാദവും നിറഞ്ഞ് സ്വദേശി സയൻസ് കോൺഗ്രസ്



**പെരിയ:** വികസിതമായ ഭാവി ഭാരതം കെട്ടിപ്പടുക്കുന്നതിൽ ശാസ്ത്ര സാങ്കേതിക മേഖലയുടെ വളർച്ചയും മുന്നേറ്റവും ചർച്ച ചെയ്ത് കേരള കേന്ദ്ര സർവകലാശാലയിൽ നടക്കുന്ന 32ാമത് സ്വദേശി സയൻസ് കോൺഗ്രസ്. സ്വദേശി ശാസ്ത്ര പ്രസ്ഥാനം കേരളയുമായി സഹകരിച്ച് സംഘടിപ്പിച്ച സമ്മേളനത്തിൽ വിവിധ ഗവേഷണ സ്ഥാപനങ്ങളിലെ പ്രമുഖ ശാസ്ത്രജ്ഞരും യുവഗവേഷകരും സംഗമിച്ചപ്പോൾ ഉയർന്നത് നാടിന്റെ വികസനത്തിനുള്ള രൂപരേഖകൾ. യുവസമൂഹത്തിന് സംവദിക്കാനും തങ്ങളുടെ സംശയങ്ങൾ മുതിർന്ന ശാസ്ത്രജ്ഞരുമായി ചർച്ച ചെയ്യാനുമുള്ള വേദി എന്നതിനൊപ്പം പുതിയ ശാസ്ത്ര നേതൃത്വത്തെ വളർത്തിയെടുക്കാനും ഉതകുന്നതായിരുന്നു സമ്മേളനം.

ആറ് വേദികളിലായി കാലാവസ്ഥാ വ്യതിയാനം, കാർഷികരംഗം, പരിസ്ഥിതി, ആരോഗ്യം, ജലസേചനം തുടങ്ങി സാധാരണക്കാരുടെ നിത്യജീവിതത്തെ സ്വാധീനിക്കുന്ന വിഷയങ്ങളിൽ ഉൾപ്പെടെയായിരുന്നു ചർച്ചകൾ. ഹോർട്ടിക്കൾച്ചർ മേഖലയിൽ നിർമ്മിത ബുദ്ധിയിലൂടെ വരാനിരിക്കുന്ന വിപ്ലവകരമായ പരിവർത്തനങ്ങൾ കൊടഗ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ പ്രൊഫ. അശോക് എസ്. ആളുർ വിശദീകരിച്ചു. തീരദേശവാസികളുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനും സമുദ്ര സംരക്ഷണത്തിനും ഉതകുന്ന വിധത്തിൽ ആഴക്കടൽ വെല്ലുവിളികൾ നേരിടുന്നതിന് പ്രത്യേക ഖനന വാഹനങ്ങളുടെ ഉപയോഗം ഡോ. സജു വർഗ്ഗീസ് ചൂിക്കാട്ടി. കേന്ദ്ര സർക്കാരിന്റെ ആഴക്കടൽ ദൗത്യത്തിന്റെ പ്രാധാന്യവും പദ്ധതികളും നേട്ടങ്ങളുമാണ് ഭൗമശാസ്ത്ര മന്ത്രാലയം ഡീപ് ഓഷ്യൻ മിഷൻ ഡയറക്ടർ ഡോ. എം.വി. രമണ മൂർത്തി വിശദീകരിച്ചത്.

പരമ്പരാഗതമായ അറിവുകളും ആധുനിക വൈദ്യശാസ്ത്രവും തമ്മിലുള്ള സമന്വയവും ചർച്ചാ വിഷയമായി. ആയുർവ്വേദത്തിന്റെ പുരാതന തത്വങ്ങളെ ജിനോമിക് സയൻസ്, ഇമ്മ്യൂണോളജി, മൈക്രോബയോം റിസർച്ച് എന്നിവയുമായി ബന്ധിച്ച് ഡോ. സുബ്രഹമണ്യ പത്ഥ്യാന പുതിയ ആശയങ്ങൾ തുറന്നു. ഇന്ത്യൻ വിജ്ഞാന സംവിധാനങ്ങളെ പൊതുജനാരോഗ്യവുമായി സംയോജിപ്പിക്കുകയെന്ന ഇന്ത്യയുടെ ലക്ഷ്യത്തെ പ്രതിഫലിപ്പിക്കുന്നതായിരുന്നു ചർച്ച. ആധുനിക ശാസ്ത്രത്തിനും സമൂഹത്തിനുമായി ഇന്ത്യൻ വിജ്ഞാന സംവിധാനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ പ്രാധാന്യം പ്രൊഫ. വി.പി.എൻ നമ്പൂരി, ഡോ. പത്മനാഭൻ ടി.വി, പൂർണിമ സന്ദീപ് എന്നിവർ എടുത്തുപറഞ്ഞു. ടെക്സ്റ്റ് അനലിറ്റിക്സ്, ബിഗ് ഡാറ്റ, നിർമ്മിത ബുദ്ധി എന്നീ വിഷയങ്ങളിൽ ഉൾക്കാഴ്ച പകർന്ന പ്രൊഫ. എൻ.വി. ശോഭന, വലിയ അളവിലുള്ള ടെക്സ്റ്റ് ഡാറ്റയിൽ നിന്ന് ഉപയോഗപ്രദമായ വിവരങ്ങൾ എങ്ങനെ എടുക്കാമെന്ന് വിശദീകരിച്ചു.

സെന്റിമെന്റ് ഡിറ്റക്ഷൻ, റിലേഷൻഷിപ്പ് എക്സ്ട്രാക്ഷൻ തുടങ്ങിയ സാങ്കേതിക വിദ്യകളും അവതരിപ്പിച്ചു. ആരോഗ്യ സംരക്ഷണം ഉൾപ്പെടെയുള്ള മേഖലകളിൽ ടെക്സ്റ്റ് അനലിറ്റിക്സിന്റെ പ്രാധാന്യവും ചർച്ച ചെയ്തു. പൊതുജനാരോഗ്യത്തിലും ഗ്രാമീണ പരിവർത്തനത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് സുസ്ഥിര ഭക്ഷ്യ സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ച് ഡോ. ടി. പി. സേതുമാധവൻ സംസാരിച്ചു. സ്വദേശി സയൻസിന്റെ ആശയവും സമകാലിക ഗവേഷണത്തിലെ പ്രസക്തിയും പ്രൊഫ. കെ. മുരളീധർ വിശദീകരിച്ചു.

# ദശദിന അധ്യാപക റിഫ്രഷർ കോഴ്സ് ആരംഭിച്ചു




**കൊച്ചി:** സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂൾ അധ്യാപകർക്കായി നടത്തുന്ന ദശദിന റസിഡൻഷ്യൽ റിഫ്രഷർ കോഴ്സ് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ ആരംഭിച്ചു. തെരഞ്ഞെടുക്കപ്പെട്ട 40 ഇംഗ്ലീഷ് അധ്യാപകരാണ് റിഫ്രഷർ കോഴ്സിൽ പങ്കെടുക്കുക. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, ഹയർ സെക്കൻഡറി ഡയറക്ടറേറ്റിന്റെയും സ്റ്റേറ്റ് കൗൺസിൽ ഫോർ എഡ്യൂക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിംഗിന്റെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന റിഫ്രഷർ കോഴ്സിന്റെ നിർവ്വഹണ ചുമതല സർവ്വകലാശാലയിലെ ഇംഗ്ലീഷ് വിഭാഗത്തിനാണ്.

വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി ദശദിന റിഫ്രഷർ കോഴ്സ് ഉദ്ഘാടനം ചെയ്തു. ഇംഗ്ലീഷ് വിഭാഗം മേധാവി പ്രൊഫ. ടി. ആർ. മുരളീകൃഷ്ണൻ അധ്യക്ഷനായിരുന്നു. ഡോ. സി. എസ്. ജയറാം മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. പ്രോഗ്രാം കോഓർഡിനേറ്റർ പ്രൊഫ. രാജി ബി. നായർ, എ. ഷിഹാബ്, വി. സി. സന്തോഷ്, ജോസ്പെറ്റ്തെരേസ ജേക്കബ് എന്നിവർ പ്രസംഗിച്ചു.

ജനുവരി 16ന് പരിശീലന പരിപാടി സമാപിക്കും. സമാപന സമ്മേളനത്തിൽ സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു മുഖ്യ പ്രഭാഷണം നടത്തും. പ്രൊഫ. ടി. ആർ. മുരളീകൃഷ്ണൻ അധ്യക്ഷനായിരിക്കും. പ്രൊഫ. രാജി ബി. നായർ, വി. സി. സന്തേഷ്, ജോസ്പെറ്റ് തെരേസ് ജേക്കബ് എന്നിവർ പ്രസംഗിക്കും.

## സപ്ലൈകോ : ആദ്യ സിഗ്നേച്ചർ മാർട്ടിന്റെ ഉദ്ഘാടനം ഇന്ന്

**കൊച്ചി:** സപ്ലൈകോയുടെ ആദ്യ സിഗ്നേച്ചർ മാർട്ടിന്റെ ഉദ്ഘാടനം തലശ്ശേരിയിൽ ഇന്ന് വൈകിട്ട് മൂന്നിന് ഭക്ഷ്യ പൊതുവിതരണ മന്ത്രി ജി. ആർ. അനിൽ നിർവഹിക്കും. തലശ്ശേരിയിലെ ഹൈപ്പർമാർക്കറ്റാണ് ആധുനിക രീതിയിലുള്ള ഷോപ്പിംഗ് അനുഭവം പ്രദാനം ചെയ്യുന്ന സിഗ്നേച്ചർ മാർട്ടായി ഉയർത്തുന്നത്. കോർപ്പറേറ്റ് റീട്ടെയിൽ വില്പനശാലകളോട് കിടപിടിക്കുന്ന രീതിയിലുള്ള സൗകര്യങ്ങൾക്കു പുറമേ , സിഗ്നേച്ചർമാർട്ടിൽ നിത്യോപയോഗ സാധനങ്ങൾക്ക് വിലക്കുറവും ഉണ്ടായിരിക്കും . ഗ്ലോബൽ ഇന്നവേറ്റീവ് ടെക്നോളജീസ് എന്ന ഏജൻസി ഡിസൈൻ ചെയ്ത സിഗ്നേച്ചർ മാർട്ട് സപ്ലൈകോ യാഥാർത്ഥ്യമാക്കിയത് ടീം തായിയുടെ സഹകരണത്തോടെയാണ്. ഉദ്ഘാടന ചടങ്ങിൽ തലശ്ശേരി നഗരസഭ ചെയർമാൻ കാരായി ചന്ദ്രശേഖരൻ അധ്യക്ഷനായിരിക്കും. വൈസ് ചെയർപേഴ്സൺ വി. സതി ആദ്യ വിൽപ്പന നടത്തും. സപ്ലൈകോ മാനേജിംഗ് ഡയറക്ടർ വി. എം ജയകൃഷ്ണൻ, തലശ്ശേരി നഗരസഭ കൗൺസിലർ നൂറ ടീച്ചർ, സപ്ലൈകോ കോഴിക്കോട് മേഖല മാനേജർ ഷെൽജി ജോർജ്, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

## വാർഡൻ, മേട്രൻ നിയമനം

**കൊച്ചി:** കേരള സംസ്ഥാനഭവന നിർമ്മാണ ബോർഡിന്റെ വർക്കിങ് വുമൺസ് ഹോസ്റ്റലിൽ വാർഡൻ, മേട്രൻ തസ്തികകളിൽ നിയമനം നടത്തുന്നു. ജനുവരി 12 രാവിലെ 10.30 മുതൽ നാലുവരെ എറണാകുളം ഡിവിഷൻ ഓഫീസിൽ അഭിമുഖം നടക്കും. യോഗ്യത: എസ്എസ്എൽസി പ്രായപരിധി: 55 വയസ്സ് ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ, തിരിച്ചറിയൽ കാർഡ്, ഫോട്ടോ എന്നിവ സഹിതം അഭിമുഖത്തിൽ പങ്കെടുക്കേതാണ്. ഫോൺ: 0484-2369059

## കരാർ നിയമനം

**കൊച്ചി:** സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന് കീഴിൽ എറണാകുളത്തെ കോമ്പാറ, സെന്റ് ബെനഡിക്ട് റോഡിൽ പ്രവർത്തിക്കുന്ന എൻട്രി ഹോം ഫോർ ഗേൾസിലേക്ക് ഹോം മാനേജർ, കുക്ക്, ക്ലീനിങ് സ്റ്റാഫ് തസ്തികകളിൽ (സ്ത്രീകൾക്കു മാത്രം) നിയമനം നടത്തുന്നു. കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കാണ് നിയമനം. എം.എസ് ഡബ്ല്യൂ/ എം.എ (സൈക്കോളജി) യോഗ്യതയുള്ളവർക്ക് ഹോം മാനേജർ തകഴിയിലേക്കും അഞ്ചാം ക്ലാസ് യോഗ്യതയുള്ളവർക്ക് കുക്ക്, ക്ലീനിങ് സ്റ്റാഫ് തസ്തികകളിലേക്കും അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾ യോഗ്യത, പ്രവൃർത്തി പരിചയം, വയസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളോടൊപ്പം ജനുവരി 15 മുമ്പായി നേരിട്ടോ hchildrenshome@gmail.com എന്ന മെയിൽ അഡ്രസിലേക്കോ അപേക്ഷ നൽകേതാണ്. ഫോൺ 0484-2990744, 9495002183.

## നിയമനം

**കൊച്ചി:** സംസ്ഥാന വനിതാ ശിശു വികസന വകുപ്പിന് കീഴിൽ എറണാകുളം , കോമ്പാറ , സെന്റ് ബെനഡിക്ട് റോഡിൽ പ്രവർത്തിക്കുന്ന ഹോളി ക്രോസ്സ് ആഫ്റ്റർ കെയർ ഹോമിലേക്ക് ഫീൽഡ് വർക്കർ കം കേസ് വർക്കർ, ലീഗൽ കൗൺസിലർ (പാർട്ട് ടൈം) തസ്തികളിലേക്ക് നിയമനം(സ്ത്രീകൾക്ക് മാത്രം) നടത്തുന്നു. എം. എസ്.ഡബ്ല്യൂ/ എം.എ (സൈക്കോളജി) യോഗ്യതയുള്ളവർക്ക് ഫീൽഡ് വർക്കർ കം കേസ് വർക്കർ തസ്തികളിലേക്കും എൽ.എൽ.ബി യോഗ്യതയുള്ളവർക്ക് ലീഗൽ കൗൺസിലർ (പാർട്ട് ടൈം) തസ്തികളിലേക്കും അപേക്ഷിക്കാം. ഉദ്യോഗാർത്ഥികൾ യോഗ്യത , പ്രവർത്തി പരിചയം, വയസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളോടൊപ്പം ജനുവരി 15 മുൻപായി നേരിട്ടോ aftercarehomeekm2022@gmail.com എന്ന മെയിൽ അഡ്രസ്സിലേക്കോ അപേക്ഷ നൽകേണ്ടതാണ്. ഫോൺ 0484-2989820 , 9633429064

## പട്ടികജാതി പട്ടികഗോത്ര കമ്മീഷൻ അദാലത്ത്

**കൊച്ചി:** പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ അദാലത്ത് ഫെബ്രുവരി 5,6 തീയതികളിൽ രാവിലെ 10.30 മുതൽ വൈകീട്ട് 5 വരെ കൊച്ചി പള്ളിമുക്ക് ഫോർഷോർ റോഡിലുള്ള ട്രൈബൽ കോംപ്ലക്സ്കിൽ നടക്കും.

## സിയാലിൽ രാജ്യാന്തര കാർഗോ സമ്മിറ്റ്

**കൊച്ചി:** കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് ഫിക്കിയുമായി സഹകരിച്ച് രാജ്യാന്തര കാർഗോ സമ്മിറ്റ് സംഘടിപ്പിക്കുന്നു. ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ സിയാൽ കൺവൻഷൻ സെന്ററിൽ നടക്കുന്ന സമ്മിറ്റിൽ വാണിജ്യ കൂടിക്കാഴ്ചകൾ, എക്സിബിഷൻ, പാനൽ ചർച്ചകൾ എന്നിവ നടക്കും. സിയാലിനെ ആഗോള എയർ കാർഗോ ഹബ്ബാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് സമ്മിറ്റ് സംഘടിപ്പിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

## വർമ്മ ഹാർമ്മണി ഉദ്ഘാടനം ചെയ്തു



**കൊച്ചി:** വർമ്മ ഹോംസിന്റെ കൊച്ചി ഇടപ്പള്ളിയിലുള്ള ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രൊജക്ട്, വർമ്മ ഹാർമണി ഉദ്ഘാടനം ചെയ്തു. വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മയുടെ സാന്നിധ്യത്തിൽ ഡയറക്ടർ ഡോ. മിനി വർമ്മ ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് വൈശാഖ് വർമ്മ, സീനിയർ പർച്ചേസ് മാനേജർ രേഖ പ്രമോദ്, സ്ഥലം ഉടമകളായ ഷീല തോമസ് കുര്യൻ, അലക്സ് കുര്യൻ കൊടിയാട്ട്, വൈസ് പ്രസിഡന്റ് ആരതി വർമ്മ, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ്, കസ്റ്റമർ കെയർ മാനേജർ ജെ.ലക്ഷ്മി, ആർക്കിടെക്ട് വൈശാഗ് ജോസഫ് എന്നിവർ പങ്കെടുത്തു.

## മൈൻ ഡയമണ്ട് ഫെസ്റ്റിവൽ

**കൊച്ചി:** മലബാർ ഗോൾഡ് ആന്റ് ഡയമണ്ട്സിൽ മൈൻ ഡയമണ്ട് ഫെസ്റ്റിവൽ ആരംഭിച്ചു. ജനുവരി 26 വരെ നടക്കുന്ന ഫെസ്റ്റിവലിൽ ആഭരണ പ്രേമികൾക്കായി പരമ്പരാഗതവും ആധുനിക ഡിസൈനുകളിലുള്ളതുമായ പ്രകൃതിദത്ത ഡയമണ്ട് ആഭരണങ്ങളുടെ വലിയ ശേഖരമാണ് ഒരുക്കിയിട്ടുള്ളത്. ഡയമണ്ടിന്റെ മൂല്യത്തിൽ 30 ശതമാനം വരെ ആകർഷകമായ കിഴിവും പ്രഖ്യാപിച്ചിട്ടുണ്ട്. ബ്രൈഡൽ, ലൈറ്റ്‌വെയ്റ്റ് ഡയമണ്ട് ആഭരണങ്ങളുടെ വലിയ ശേഖരം ഫെസ്റ്റിവലിൽ ഒരുക്കിയിട്ടുണ്ട്. നെക്ലസുകൾ, കമ്മലുകൾ, സ്റ്റഡുകൾ, മോതിരങ്ങൾ, ലെയർ ചെയിനുകൾ, ആഭരണ സെറ്റുകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. വിവാഹങ്ങൾക്കും വലിയ ആഘോഷങ്ങൾക്കും മാത്രമായി പരിഗണിക്കപ്പെട്ടിരുന്ന ഡയമണ്ട് ആഭരണങ്ങൾ ഏത് ആവശ്യങ്ങൾക്കും വേണ്ടി വാങ്ങാനും അതിന്റെ മനോഹാരിത ആസ്വദിക്കാനും മൈൻ ഡയമണ്ട് ഫെസ്റ്റിവലിലൂടെ സാധിക്കും.

## പൊങ്കൽ ക്യാമ്പയിനുമായി എസ്ഐബി

**കൊച്ചി:** തമിഴ്നാടിന്റെ സാംസ്കാരികത്തനിമയും ഹൃദയബന്ധങ്ങളും കോർത്തിണക്കി സൗത്ത് ഇന്ത്യൻ ബാങ്ക് (എസ്ഐബി) പുറത്തിറക്കിയ പൊങ്കൽ ക്യാംപയിൻ വീഡിയോ സമൂഹമാധ്യമങ്ങളിൽ തരംഗമാകുന്നു. 'ഉറവുഗൾ താൻ തമിഴഗത്തിൻ വലിമൈ' (ബന്ധങ്ങളാണ് തമിഴ്നാടിന്റെ ശക്തി) എന്ന പ്രമേയത്തിലുള്ള വീഡിയോ പുറത്തിറങ്ങി മൂന്നു ദിവസത്തിനുള്ളിൽ നാലു കോടിയിലധികം വ്യൂസാണ് ലഭിച്ചത്. തമിഴ് ജനതയുടെ വൈകാരിക നിമിഷങ്ങളും കുടുംബ ബന്ധങ്ങളുടെ ഊഷ്മളതയുമാണ് ക്യാംപയിന്റെ ഇതിവൃത്തം. വിളവെടുപ്പ് ഉത്സവത്തിനായി കുടുംബങ്ങൾ ഒത്തുചേരുന്നതും തലമുറകളുടെ സംഗമവും നാട്ടിലേക്കുള്ള മടക്കവുമെല്ലാം ഹൃദയസ്പർശിയായി വീഡിയോയിൽ ആവിഷ്കരിച്ചിട്ടുണ്ടെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് മാർക്കറ്റിംഗ് മേധാവി കെ. പി രമേശ് പറഞ്ഞു.

## എംബിഎ അഡ്മിഷൻ: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കുസാറ്റ് അംഗീകാരത്തോടെ ഭാരതീയ വിദ്യാഭവൻ നടത്തുന്ന ഭവൻസ് റോയൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് 2026 –28 എംബിഎ കോഴ്സിനു അപേക്ഷ ക്ഷണിച്ചു. വിശദ വിവരങ്ങൾക്കും എൻട്രൻസ് സൗജന്യ മാർഗനിർദ്ദേശത്തിനുമായി ബന്ധപ്പെടുക. ഫോൺ: 8075500478,8547147238 0484 –2774461.

## പുതിയ ഓഫർ അവതരിപ്പിച്ച് കെഎഫ്സി ഇന്ത്യ

**കൊച്ചി:** കെഎഫ്സി ഇന്ത്യ പുതിയ 'ഡങ്ക്ഡ് റേഞ്ച്' അവതരിപ്പിച്ചു. ജനപ്രിയ ചിക്കൻ വിഭവങ്ങൾക്ക് സോസ് നിറഞ്ഞ പുതുമയാണ് ഈ ശ്രേണി നൽകുന്നത്. ചിക്കൻ സിംഗർ, ചിക്കൻ വിങ്സ്, ചിക്കൻ ലെഗ് പീസുകൾ, ബോൺലെസ് ചിക്കൻ സ്ട്രിപ്സ് എന്നിവ പുതുതായി അവതരിപ്പിച്ച ഫയറി ടെക്സാസ് ബിബിക്യു സോസിൽ മുക്കിയതാണ് ഡങ്ക്ഡ് റേഞ്ച്. രാജ്യത്തെ 1,300ലധികം കെഎഫ്സി റെസ്റ്റോറന്റുകളിൽ ഡൈൻഇൻ, ടെക്ക്അവേ സേവനങ്ങളിലൂടെയും കെഎഫ്സി ആപ്പ്, വെബ്സൈറ്റ്, പ്രമുഖ ഫുഡ് ഡെലിവറി പ്ലാറ്റ്ഫോമുകളിലൂടെയും ഡങ്ക്ഡ് റേഞ്ച് ലഭ്യമാണ്.

# ക്രിക്കറ്റ് പൂരത്തിനൊരുങ്ങി സിനിമ മേഖല; സി.സി.എഫ് സീസൺ 2 രണ്ടാം പതിപ്പിന് തുടക്കം



**കൊച്ചി:** സിനിമ, ടെലിവിഷൻ, മാധ്യമ, പരസ്യ മേഖലയിലെ കൂട്ടായ്മയായ സെലിബ്രിറ്റി ക്രിക്കറ്റേഴ്സ് ഫ്രട്ടേണിറ്റി (സി.സി.എഫ്)യുടെ ക്രിക്കറ്റ് പൂരം സി.സി.എഫ് പ്രീമിയൽ ലീഗ് രണ്ടാം പതിപ്പിന് തുടക്കമായി. 14 ടീമുകൾ മാറ്റുരക്കുന്ന രണ്ടാമത് സീസണിൽ മലയാള സിനിമയിലെ 28 പ്രധാന താരങ്ങളാണ് ടീമുകളുടെ സെലിബ്രിറ്റി ഓണർമാരും അംബാസിഡർമാരുമായി അണിനിരക്കുന്നത്. സി.സി.എഫ് 100എക്സ് ഫോർമാറ്റ് എന്ന പേരിൽ ഒരു ഇന്നിംഗ്സിൽ 100 ബോൾ ഡെലിവറി ചെയ്യുന്ന കേളി ശൈലിയാണ് സി.സി.എഫ് അവതരിപ്പിക്കുന്നത്. ഒരു ഓവറിൽ അഞ്ച് ബോൾ അടങ്ങുന്ന 20 ഓവർ വീതമാണ് ഇന്നിംഗ്സ്. മത്സരം കൂടുതൽ ആവേശവും ത്രസിപ്പിക്കുന്നതുമാക്കുന്നതാണെന്ന് പ്രസിഡന്റ് അനിൽ തോമസ് പറഞ്ഞു.

ഫെബ്രുവരി 4 മുതൽ 14 വരെ കാക്കനാട് രാജഗിരി കോളേജ് ഗ്രൗണ്ടിലാണ് മത്സരങ്ങൾ അരങ്ങേറുക. സിസിഎഫ് 100 അരങ്ങേറുന്ന രണ്ടാം സീസണിൽ 12 പ്രത്യേക നിയമാവലികളോടെയാണ് ഓരോ മത്സരവും നടക്കുക. സിസിഎഫ് 100 ടൂർണമെന്റിന്റെ ലോഗോ രണ്ടാം സീസണിന്റെ ലോഞ്ചിൽ കേരള സ്ട്രൈക്കേഴ്സ് സിഇഒ ബിന്ദു ബിജേന്ദ്രനാഥ് നിർവഹിച്ചു. വിജയകരമായ ഒന്നാം സീസൺ പൂർത്തീകരിച്ചതിനുശേഷമാണ് രണ്ടാം സീസണിന് തുടക്കമാകുന്നത്. കേരളത്തിലെ ഏറ്റവും വലിയ സെലിബ്രിറ്റി ക്രിക്കറ്റ് ടൂർണമെന്റാണ് രാജഗിരി ഗ്രൗണ്ടിൽ നടക്കാൻ പോകുന്നത്. ടൂർണമെന്റിന്റെ തീം മ്യൂസിക് റീലോഞ്ചും ചടങ്ങിൽ നടന്നു. സംഗീതസംവിധായകൻ രാഹുൽ സുബ്രഹ്മണ്യന്റെ സാന്നിധ്യത്തിൽ സിനിമാതാരം നരൈനാണ് തീം മ്യൂസിക്കിന്റെ റീലോഞ്ച് നടത്തിയത്. ഐപിഎൽ മാതൃകയിൽ ലേലത്തിലൂടെയാണ് ടീമുകൾ താരങ്ങളെ സ്വന്തമാക്കിയത്. സിസിഎഫ് പ്രസിഡന്റ് അനിൽ തോമസ്, സെക്രട്ടറി ശ്യാംധർ, ട്രഷറർ സുധീപ് കാരാട്ട്, എക്സിക്യൂട്ടീവ് അംഗങ്ങളായ എം.വി ജിജീഷ്, അശോക് നായർ,രാഹുൽ സുബ്രഹ്മണ്യൻ, സമർത്, സുജിത്ത് ഗോവിന്ദൻ, തുടങ്ങിയവർ ചടങ്ങിൽ പങ്കാളികളായി. സിനിമാതാരങ്ങളായ നരൈൻ, സണ്ണി വെയ്ൻ, കലാഭവൻ ഷാജോൺ,വിഷ്ണു ഉണ്ണികൃഷ്ണൻ, മഹിമ നമ്പ്യാർ, ആൽഫി പഞ്ഞിക്കാരൻ, ആതിര പട്ടേൽ, അൻസിബ ഹസൻ, അനഘ നാരായണൻ, ശോഭാ വിശ്വനാഥ്, സിജാറോസ്, അതിഥി രവി ,ഡയാന ഹമീദ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു

# ടാറ്റ പവർ ഈസി ഹോം ഓട്ടോമേഷൻ സൊല്യൂഷൻസ് അവതരിപ്പിച്ചു




**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ സംയോജിത വൈദ്യുത കമ്പനികളിൽ ഒന്നായ ടാറ്റ പവർ തങ്ങളുടെ അത്യാധുനിക ഹോം ഓട്ടോമേഷൻ സൊല്യൂഷൻസ് ആയ 'ടാറ്റാ പവർ ഈസി ഹോം സൊല്യൂഷൻസ്' കേരളത്തിൽ അവതരിപ്പിച്ചു. സ്മാർട്ട് ലിവിംഗ്, കണക്റ്റഡ് ലൈഫ്സ്റ്റൈലുകൾ, വികസിച്ചുവരുന്ന സാങ്കേതികവിദ്യയ്ക്ക് അനുസരിച്ചുള്ള വീടുകൾ എന്നിവയെ കുറിച്ചുള്ള ടാറ്റ പവറിന്റെ കാഴ്ചപ്പാടിനെ വിപുലീകരിക്കുന്ന ഉത്പന്നങ്ങളാണ് ഈസി ഹോം സൊല്യൂഷൻസ് നിരയിലുള്ളതെന്ന് കമ്പനി അധികൃതർ അറിയിച്ചു. ഇന്റലിജന്റ് ഓട്ടോമേഷനിലൂടെ ലാളിത്യം, ആശ്വാസം, സൗകര്യം, നിയന്ത്രണം എന്നിവ നൽകുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ആപ്പ്എനേബിൾഡ് സ്മാർട്ട് ഹോം സൊല്യൂഷനുകളുടെ വിപുലമായ ശ്രേണിയാണ് ടാറ്റ പവർ അവതരിപ്പിക്കുന്നത്.

തത്സമയ ഊർജ്ജ നിരീക്ഷണം, ഓട്ടോമേറ്റഡ് ഷെഡ്യൂളിംഗ്, ഓഫ്‌ലൈൻ ഫംങ്ഷണാലിറ്റി, ഓവർലോഡ് പ്രൊട്ടക്ഷൻ തുടങ്ങിയ ഫീച്ചറുകൾ ഉപയോക്താക്കളെ വൈദ്യുതി ഉപഭോഗം ഒപ്റ്റിമൈസ് ചെയ്യാനും മെച്ചപ്പെട്ട സുരക്ഷ ഉറപ്പാക്കാനും തടസ്സമില്ലാത്ത ജീവിതാനുഭവം ആസ്വദിക്കാനും കാർബൺ ഫൂട്ട്പ്രിന്റ് കുറയ്ക്കാനും സഹായിക്കുന്നു. ഉത്പന്നങ്ങളിലെ 'ഡിലേ ടൈം', 'പവർ ഓൺ സ്റ്റാറ്റസ്' എന്നീ ഫീച്ചറുകൾ ഏറെ ശ്രദ്ധേയമാണ്.

വോൾട്ടേജ് വ്യതിയാനങ്ങൾ ഉണ്ടാകുമ്പോൾ ഉപകരണങ്ങൾ കേടുവരാതെ സംരക്ഷിക്കാൻ ഡിലേ ടൈം ഫീച്ചർ സഹായിക്കും. ഒരു ഉപകരണം ആക്ടീവാണോ അല്ലെങ്കിൽ ഐഡിലാണോ എന്ന് തത്സമയം കാണിക്കുന്ന പവർ ഓൺ സ്റ്റാറ്റസ് ഫീച്ചർ അനാവശ്യ ഊർജ്ജ നഷ്ടം ഒഴിവാക്കാനും മൊത്തത്തിലുള്ള ഊർജ്ജ ഒപ്റ്റിമൈസേഷൻ മെച്ചപ്പെടുത്താനും ഉപയോക്താക്കളെ സഹായിക്കുന്നു. ഇന്ത്യയിലുടനീളം സ്മാർട്ട് ഹോം ഓട്ടോമേഷൻ സ്വീകരിക്കുന്നതിനെ ത്വരിതപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ടാറ്റ പവർ ഈസി ഹോം 100 സിറ്റീസ്, 1 പർപ്പസ് ഇനിഷ്യേറ്റീവിന്റെ ഭാഗമായാണ് ടാറ്റാ പവർ ഈസി ഹോം സൊല്യൂഷൻസ് അവതരിപ്പിച്ചതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# 'കണക്ട് ടു വർക്ക്' പദ്ധതി മുഖേന സ്കോളർഷിപ്പ്: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാനത്തെ തൊഴിൽ രഹിതരായ ഉദ്യോഗാർത്ഥികൾക്ക് മത്സരപരീക്ഷാ പരിശീലനത്തിനായി മുഖ്യമന്ത്രിയുടെ 'കണക്ട് ടു വർക്ക്' പദ്ധതി മുഖേന 1000 രൂപ സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചു. 18നും 30 നും ഇടയിൽ പ്രായമുള്ളതും കുടുംബ വാർഷിക വരുമാനം ഒരുലക്ഷം രൂപയിൽ കവിയാത്തതുമായ എല്ലാ ഉദ്യോഗാർത്ഥികൾക്കും അപേക്ഷിക്കാം. അപേക്ഷകൾ https://eemployment.kerala.gov.in എന്ന പോർട്ടൽ മുഖേന സമർപ്പിക്കേണ്ടതാണ്.

# ജലായശയങ്ങളിലെ കുഴവാള: പരിഹാരമാർഗങ്ങൾ അവതരിപ്പിച്ച് ഹയാകോൺ

**കൊച്ചി:** ജലാശയങ്ങളിൽ പടർന്നുപിടിക്കുന്ന കുളവാഴയ്ക്ക് ശാസ്ത്രീയമായ പരിഹാരം കാണുന്നതിനായുള്ള ദേശീയഅന്തർദേശീയ മാർഗങ്ങൾ ചർച്ച ചെയ്ത് ഹയാകോൺ 1.0 രാജ്യാന്തര സമ്മേളനം. കൊച്ചി ജെയിൻ സർവകലാശാലയിൽ നടക്കുന്ന സമ്മേളനത്തിന്റെ രണ്ടാം ദിനം ആഗോളതലത്തിൽ പരീക്ഷിച്ചു വിജയിച്ച നൂതന മാതൃകകളുടെ അവതരണം കൊണ്ട് ശ്രദ്ധേയമായി. കുളവാഴയെ വെറുമൊരു പാരിസ്ഥിതിക വെല്ലുവിളിയായല്ല, മറിച്ച് സാമ്പത്തിക ലാഭമുണ്ടാക്കുന്ന വിഭവമായി മാറ്റാനാണ് അന്താരാഷ്ട്ര വിദഗ്ധർ നിർദ്ദേശിക്കുന്നത്. കുളവാഴയുടെ വ്യാപനം മലിനീകരണത്തിന്റെ ആക്കം കൂട്ടുമെന്നും ഇത് പരിഹരിക്കാൻ സുസ്ഥിര രീതികൾ അനിവാര്യമാണെന്നും ന്യൂഡൽഹിയിലെ ദക്ഷിണാഫ്രിക്കൻ ഹൈക്കമ്മീഷൻ ഫസ്റ്റ് സെക്രട്ടറി (പൊളിറ്റിക്കൽ ആൻഡ് ഇക്കണോമിക് റിലേഷൻസ്) ഖാത്തുഷെലോ തഗ്വാന പറഞ്ഞു. പരിസ്ഥിതി വെല്ലുവിളികൾക്ക് രാജ്യാതിർത്തികളില്ല. സർക്കാരും പ്രാദേശിക സമൂഹങ്ങളും തമ്മിലുള്ള ഏകോപനത്തിലൂടെയും ബോധപൂർവ്വമായ ഇടപെടലുകളിലൂടെയും കാലാവസ്ഥാ പ്രതിരോധം ഉറപ്പാക്കുന്ന രീതിയാണ് ദക്ഷിണാഫ്രിക്ക പിന്തുടരുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

കുളവാഴയെ വെറുമൊരു കളയായി കണ്ട് നശിപ്പിക്കുന്നതിന് പകരം, ഫ്ളോട്ടിങ് ഫാം രീതിയിലൂടെ അതിനെ ഒരു മികച്ച ഉപജീവനമാർഗ്ഗമാക്കി മാറ്റാൻ ബംഗ്ലാദേശിലെ ഗ്രാമീണ ജനതയ്ക്ക് സാധിച്ചിട്ടുണ്ടെന്ന് ബംഗ്ലാദേശ് ഹൈക്കമ്മീഷണർ മുഹമ്മദ് റിയാസ് ഹമീദുള്ള പറഞ്ഞു. കുളവാഴയെ ജൈവവളമായും കൃഷിയിടങ്ങളായും പരിവർത്തനം ചെയ്യുന്നത് വഴി വരുമാനം ഉറപ്പാക്കാനും പരിസ്ഥിതിയെ സംരക്ഷിക്കാനും കഴിയും. പ്രളയസാധ്യതകളെ അതിജീവിക്കാൻ സഹായിക്കുന്ന ഇത്തരം ജനകീയമായ ഇടപെടലുകൾ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻ അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. നൈജീരിയയിൽ നിന്നുള്ള അചെന്യോ ഇദാചാബ ഒബാറോ, കെനിയൻ സ്റ്റാർട്ടപ്പായ ഹയാപാക് സിഇഒ ജോസഫ് എൻഗുതിരു, ഇന്തോനേഷ്യയിൽ നിന്നുള്ള ശ്രുതി പ്രകാശ് എന്നിവർ വിദേശ രാജ്യങ്ങളിൽ കുളവാഴയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിൽ കൈവരിച്ച വിജയങ്ങൾ വിശദീകരിച്ചു.

കൃത്യമായ വിവരശേഖരണവും നിക്ഷേപവും വ്യവസായ ബന്ധങ്ങളും ഉറപ്പാക്കിയാൽ കുളവാഴയിൽ നിന്നും കാലാവസ്ഥാ സൗഹൃദ ഉൽപ്പന്നങ്ങൾ വൻതോതിൽ ഉത്പാദിപ്പിക്കാൻ കഴിയുമെന്ന് നൈജീരിയയിലെ മിറ്റിമെത്ത് സ്ഥാപക അചെന്യോ ഇദാചാബ ഒബാറോ പറഞ്ഞു. 'ഇന്തോനേഷ്യയിലെയും ഇന്ത്യയിലെയും അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നത് കുളവാഴയെ സാമ്പത്തിക മൂല്യമുള്ള ഉൽപ്പന്നങ്ങളായി മാറ്റാൻ സാധിക്കുമെന്നാണ്. വികേന്ദ്രീകൃതമായ ഉൽപ്പാദന രീതികളും സ്ത്രീ കൂട്ടായ്മകളുടെ പങ്കാളിത്തവും സർക്കാർ പിന്തുണയും സംയോജിപ്പിച്ചാൽ കുളവാഴയുടെ വ്യാപനത്തെ വലിയൊരു തൊഴിലവസരമാക്കി മാറ്റാം.' ഇന്തോനേഷ്യയിൽ നിന്നുള്ള സംരംഭക ശ്രുതി പ്രകാശ് അഭിപ്രായപ്പെട്ടു. പായൽ വ്യാപനം കൃത്യമായി നിരീക്ഷിക്കുന്നതിനായുള്ള ആധുനിക സാങ്കേതിക സംവിധാനങ്ങളെക്കുറിച്ച് യുകെയിലെ ന്യൂകാസിൽ സർവകലാശാലയിലെ ഡോ. ദീപായൻ ഭൗമിക്, ഇന്തോജർമ്മൻ പ്രോജക്റ്റിലെ ഉത്കർഷ് ലാൽ എന്നിവർ വിശദീകരിച്ചു. ഇന്ത്യയിലെയും കേരളത്തിലെയും സാഹചര്യങ്ങൾക്ക് അനുയോജ്യമായ പരിഹാരമാർഗങ്ങൾക്കും സമ്മേളനത്തിൽ വലിയ പ്രാധാന്യം നൽകി. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സംവിധാനങ്ങളും അത്യാധുനിക ഹാർവെസ്റ്ററുകളും ഉപയോഗിച്ച് കുളവാഴ പ്രശ്നത്തിന് പ്രായോഗികമായ പരിഹാരം കണ്ടെത്താൻ സാധിക്കും.

ജലാശയങ്ങളിലെ പായൽ നീക്കം ചെയ്യുന്നതിനൊപ്പം പാടശേഖരങ്ങൾക്കായി രൂപകൽപ്പന ചെയ്ത 'വാട്ടർ ബൈക്കുകൾ' കർഷകർക്ക് വലിയ സഹായമാകുമെന്ന് കേളചന്ദ്ര ഗ്രൂപ്പ് റോണി തോമസ് പറഞ്ഞു. ഇന്ത്യയിലെ മുൻനിര ഗവേഷണ സ്ഥാപനങ്ങളായ നിസ്റ്റിലെ ചീഫ് സയന്റിസ്റ്റ് ഡോ. രാജീവ് കെ. സുകുമാരൻ, CSIRCSIO സീനിയർ സയന്റിസ്റ്റ് സൗരവ് കുമാർ പാണ്ഡെ, ജാർഖണ്ഡിലെ സെഡാർ മാനേജിംഗ് ഡയറക്ടർ അലോക് തോമസ്, പുതുച്ചേരിയിലെ ഹോപ്പ് ഡയറക്ടർ വിക്ടർ രാജ്, ഐക്രിസാറ്റിലെ ഡോ. അവിരാജ് ദത്ത, സംസ്ഥാന തണ്ണീർത്തട അതോറിറ്റി മെമ്പർ സെക്രട്ടറി സുനിൽ പാമിഡി, ഹരിതകേരളം മിഷൻ പ്രതിനിധി സഞ്ജീവൻ എസ്.യു, ആലപ്പുഴ എസ്.ഡി കോളേജിലെ ഡോ. ബിന്ദു, കണ്ണൂർ ഫെറി ട്രസ്റ്റിലെ ഡോ. റോജിത്ത്, വെറ്റ്ലാൻഡ്സ് ഇന്റർനാഷണൽ സൗത്ത് ഏഷ്യ ഡയറക്ടർ ഡോ. റിതേഷ് കുമാർ ഉൾപ്പെടെയുള്ള നിരവധി പ്രതിനിധികൾ വിവിധ സെഷനുകളിൽ പങ്കെടുത്തു. മൂന്ന് ദിവസം നീണ്ടു നിന്ന സമ്മേളനം ഇന്ന് സമാപിക്കും. സമ്മേളനത്തിന്റെ ഭാഗമായി തയ്യാറാക്കിയ കരട് നയരേഖയും ശുപാർശകളും ഉമ തോമസ് എം.എൽ.എയ്ക്കും എറണാകുളം, ആലപ്പുഴ ജില്ലാ കളക്ടർമാർക്കും കൈമാറും.

# അവ്രോ ഇന്ത്യയുടെ പ്ലാസ്റ്റിക് റീസൈക്ലിങ് പ്ലാന്റ് പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** പ്രതിമാസം 500 മെട്രിക് ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്ലിങ് നടത്താൻ സാധിക്കുന്ന അത്യാധുനിക ഗ്രീൻഫീൽഡ് പ്ലാന്റ് ഉത്തർപ്രദേശിലെ ഗാസിയാബാദിൽ ആരംഭിച്ചു. പ്ലാസ്റ്റിക് ഫർണിച്ചർ നിർമ്മാണ രംഗത്തെ പ്രമുഖരായ അവ്രോ ഇന്ത്യ ലിമിറ്റഡാണ് പ്ലാന്റ് സ്ഥാപിച്ചത്. 25 കോടി രൂപ മുതൽ മുടക്കിൽ ആരംഭിച്ച പ്ലാന്റിന്റെ സംസ്കരണ ശേഷി സാമ്പത്തികവർഷം അവസാനത്തോടെ 1000 മെട്രിക് ടൺ പരിധിയിലേക്ക് ഉയർത്തുമെന്ന് അവ്രോ ഇന്ത്യ ലിമിറ്റഡ് ചെയർമാനും ഡയറക്ടറുമായ സുശീൽ കുമാർ അഗർവാൾ പറഞ്ഞു. പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിനുള്ള രാജ്യത്തെ ഏറ്റവും വലിയ പ്ലാന്റാണ് ഗാസിയാബാദിൽ ആരംഭിച്ചത്.

പുനരുപയോഗയോഗ്യമായ പ്ലാസ്റ്റിക് ഉൽപന്നങ്ങൾ സംസ്കരിച്ച് ഫർണിച്ചറുകളും മറ്റ് അവശ്യ ഉപകരണങ്ങളും നിർമിക്കുന്ന അവ്രോ ഇന്ത്യ ലിമിറ്റഡിന്റെ സുസ്ഥിര വികസന നയത്തിന്റെ ഭാഗമായാണ് പ്ലാന്റ് സ്ഥാപിച്ചത്. രാജ്യത്തെ കൂടുതൽ പ്രദേശങ്ങളിൽ സമാന രീതിയിൽ സംസ്കരണം സാധ്യമാകുന്ന അത്യാധുനിക കേന്ദ്രങ്ങൾ ആരംഭിക്കാനും കമ്പനി ലക്ഷ്യമിടുന്നുണ്ട്. നവീന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പ്രവർത്തിക്കുന്ന സംസ്കരണ കേന്ദ്രത്തിലൂടെ, പ്ലാസ്റ്റിക് ഉയർത്തുന്ന പാരിസ്ഥിതിക വെല്ലുവിളികളെ ഒരുപരിധിവരെ കുറയ്ക്കാൻ സാധിക്കുമെന്നും സുശീൽ കുമാർ അഗർവാൾ പറഞ്ഞു.

പ്ലാസ്റ്റിക് മാലിന്യങ്ങളെ വിലയേറിയ അസംസ്കൃത വസ്തുക്കളാക്കി മാറ്റുന്ന സംവിധാനം വികസിപ്പിക്കാൻ കമ്പനി നടത്തിയ വർഷങ്ങളുടെ ശ്രമഫലമായാണ് പ്ലാന്റ് സ്ഥാപിച്ചതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഡിജിറ്റൽ ക്രോപ്പ് സർവേ: കൃഷിഭവനുകളിൽ സർവ്വേയർമാരെ ആവശ്യമുണ്ട്

**കൊച്ചി:** രണ്ടാം ഘട്ട ഡിജിറ്റൽ ക്രോപ്പ് സർവേ നടപടികൾ നടത്തുന്നതിനായി വിവിധ കൃഷിഭവനുകളിൽ സർവേയർമാരെ ആവശ്യമുണ്ട്.

നെടുമ്പാശ്ശേരി, ശ്രീമൂലനഗരം, വാഴക്കുളം, ഒക്കൽ, പെരുമ്പാവൂർ, രായമംഗലം, തിരുവാങ്കുളം, വൈറ്റില, കുമ്പളങ്ങി , തൃപ്പൂണിത്തുറ, ചോറ്റാനിക്കര, ആമ്പല്ലൂർ, അങ്കമാലി, കാലടി, കറുകുറ്റി, കാഞ്ഞൂർ, പൂതൃക്ക, പുത്തൻകുരിശ്, കുഴിപ്പിള്ളി, വാളകം, മൂവാറ്റുപുഴ, വാരപ്പെട്ടി, കരുമാലൂർ, ഏഴിക്കര എന്നീ കൃഷിഭവനുകളിലേക്കാണ് സർവേയർമാരെ തേടുന്നത്. പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയും സ്മാർട്ട്ഫോൺ കൈകാര്യം ചെയ്യാൻ കഴിവുമുള്ള യുവജനങ്ങൾക്ക് മുൻഗണന.

താൽപര്യമുള്ളവർ അതത് കൃഷിഭവനകളുമായി ബന്ധപ്പെടുക. ഫോൺ : 9383471152

## ക്രിസ്മസ് നവവത്സര ആഘോഷങ്ങൾ സംഘടിപ്പിച്ചു



**കൊച്ചി:** സൗത്ത് ജനതാ റോഡ് റെസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടന്ന ക്രിസ്മസ് നവവത്സര അഘോഷങ്ങൾ ചലച്ചിത്രതാരം കുഞ്ചൻ ഉദ്ഘാടനം ചെയ്തു. കോർപറേഷൻ കൗൺസിലർ ഗേളി റോബർട്ട്, അസോസിയേഷൻ പ്രസിഡന്റ് അഡ്വ. സുധീഷ് കുമാർ, സെക്രട്ടറി പ്രൊഫ. പി ജേക്കബ് കുരിൻ, പാട്രൺ ഡോ. ജെയ്സൺ, ട്രഷറർ അഡ്വ. ബേബി കുര്യാക്കോസ് എന്നിവർ പങ്കെടുത്തു. ആഘോഷത്തോടനുബന്ധിച്ച് അംഗങ്ങളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി.

## റിലയൻസ് ഫൗണ്ടേഷൻ സ്കോളർഷിപ്പ്; കേരളത്തിൽ നിന്ന് 351 വിദ്യാർത്ഥികൾ

**കൊച്ചി:** റിലയൻസ് സ്ഥാപക ചെയർമാൻ ധീരുഭായ് അംബാനിയുടെ 93ാം ജന്മവാർഷികത്തോട് അനുബന്ധിച്ച്, റിലയൻസ് ഫൗണ്ടേഷൻ പ്രഖ്യാപിച്ച 2025-26 വർഷത്തെ ബിരുദ, ബിരുദാനന്തര സ്കോളർഷിപ്പുകൾക്ക് കേരളത്തിൽ നിന്നുള്ള 351 വിദ്യാർത്ഥികൾ അർഹരായി. കഴിഞ്ഞ വർഷം 226 കുട്ടികളാണ് കേരളത്തിൽ നിന്ന് സ്കോളർഷിപ്പിന് അർഹരായത്. മൊത്തം 5,100 വിദ്യാർത്ഥികളെയാണ് സ്കോളർഷിപ്പിനായി തിരഞ്ഞെടുത്തത്. 2022 ൽ, ഫൗണ്ടേഷൻ സ്ഥാപകയും ചെയർപേഴ്സണുമായ നിത എം. അംബാനി, 10 വർഷത്തിനുള്ളിൽ 50,000 സ്കോളർഷിപ്പുകൾ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നു. 33,471 സ്കോളർഷിപ്പുകൾ ഇതിനകം നൽകിക്കഴിഞ്ഞു. സ്കോളർഷിപ്പ് ലഭിച്ചവരിൽ 83% പേർ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിൽ നിന്നുള്ളവരാണ്. ബിരുദാനന്തര വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപ വരെയും, ബിരുദ വിദ്യാർത്ഥികൾക്ക് 2 ലക്ഷം രൂപ വരെയും ഗ്രാന്റായി ലഭിക്കും. തെരഞ്ഞെടുക്കപ്പെട്ടവരിൽ 146 പേർ ഭിന്നശേഷിവിഭാഗത്തിൽ നിന്നുള്ള വിദ്യാർത്ഥികളാണ്.

## സംസങ് സോൾവ് ഫോർ ടുമോറോ 2025: ഇന്ത്യയുടെ ഡിജിറ്റൽ മാറ്റത്തിന് കുതിപ്പേകി എഐ

**കൊച്ചി:** ഇന്ത്യയുടെ ഡിജിറ്റൽ മാറ്റത്തിന് പിന്നിൽ കുതിപ്പേകുന്നത് കൃത്രിമ ബുദ്ധിയാണെന്ന് തെളിയിച്ചുകൊണ്ട്, സാംസങ് ഐഐടി ഡൽഹിയുമായി ചേർന്ന് സംഘടിപ്പിച്ച സോൾവ് ഫോർ ടുമോറോ (എസ്എഫ്ടി) 2025 മത്സരത്തിൽ രാജ്യത്തെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ പങ്കെടുത്തു. 'സുരക്ഷിതവും സ്മാർട്ടും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഭാരതത്തിനായുള്ള എഐ' എന്ന വിഷയത്തിലായിരുന്നു ഇത്തവണത്തെ മത്സരം. പൊതു ഇടങ്ങളിൽ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും, കാഴ്ച വൈകല്യമുള്ളവർക്ക് പ്രവേശനക്ഷമത മെച്ചപ്പെടുത്തുന്നതിനും, തത്സമയ അടിയന്തര പ്രതികരണത്തെ പിന്തുണയ്ക്കുന്നതിനുമുള്ള സാങ്കേതികവിദ്യ രൂപകൽപ്പന ചെയ്യാൻ എഐ തീം വിദ്യാർത്ഥികൾക്ക് സഹായകരമായി. ഉത്തരപ്രദേശിലെ അതിർത്തി നിരീക്ഷണത്തിനുള്ള എഐ ഡ്രോൺ സംവിധാനം 'ചക്രവ്യൂഹ്', സ്ത്രീസുരക്ഷയ്ക്കുള്ള എഐ ആപ്പ് 'എറർ 404', ഡൽഹിയിലെ 'പാഷനേറ്റ് പ്രോബ്ലം സോൾവർ' സ്മാർട്ട് എനർജി മീറ്റർ, കാഴ്ച വൈകല്യമുള്ളവർക്കുള്ള എഐ ഗ്ലാസ് 'സിക്കാറിയോ' എന്നിവ ശ്രദ്ധേയമായ ആശയങ്ങളായി മാറി. തീം ജേതാക്കളായി ബെംഗളുരുവിലെ തുഷാർ ഷോയുടെ പെർസീവിയ ടീമിനെ തിരഞ്ഞെടുത്തു. കാഴ്ച വൈകല്യമുള്ളവർക്ക് വഴികാട്ടൽ, ഒബ്ജക്ട് ഡിറ്റെക്ഷൻ എന്നിവയ്ക്കുള്ള എഐ ഗ്ലാസുകൾ തുടങ്ങിയവയാണ് ടീം വികസിപ്പിച്ചത്. എഐയ്ക്കു പുറമെ, ദേശീയ ജേതാക്കളിൽ നെക്സ്റ്റ്പ്ലേ.എഐ (എഐ സ്പോർട്സ് കോച്ചിംഗ് പ്ലാറ്റ്ഫോം), പാരാസ്പീക്ക് (സ്പീച്ച് ക്ലാരിഫിക്കേഷൻ ഡിവൈസ്), പൃത്വി രക്ഷക് (സുസ്ഥിരത ആപ്പ്) എന്നിവയും ഉൾപ്പെട്ടു. ജേതാക്കൾക്ക് 1 കോടി രൂപവരെ ഇൻക്യൂബേഷൻ സഹായം, 1 ലക്ഷം രൂപയുടെ ഗ്രാന്റുകൾ, ഗുഡ് വിൽ അവാർഡുകൾ, യംഗ് ഇന്നവേറ്റർ അവാർഡുകൾ, ഗാലക്സി ഇസഡ് ഫൽപ്പ് സ്മാർട്ട്ഫോണുകൾ എന്നിവ ലഭിച്ചു.

## അമാഗി മീഡിയ ലാബ്സ് ഐപിഒ ജനുവരി 13 മുതൽ

**കൊച്ചി:** അമാഗി മീഡിയ ലാബ്സ് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപ്പന (ഐപിഒ) 2026 ജനുവരി 13 മുതൽ 16 വരെ നടക്കും. 816 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള നിക്ഷേപകരുടെയും വ്യക്തിഗത ഓഹരിയുടമകളുടെയും 26,942,343 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അഞ്ച് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 343 മുതൽ 361 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 41 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 41 ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

# കൊച്ചിമുസിരിസ് ബിനാലെ; വിനോദസഞ്ചാര മേഖലയിൽ വൻ കുതിപ്പ്



**കൊച്ചി:** ഏഷ്യയിലെ ഏറ്റവും വലിയ സമകാലീന കലാമേളയായ കൊച്ചി മുസിരിസ് ബിനാലെ സജീവമായതോടെ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല ഏറെ പ്രതീക്ഷയിലാണ്. ബിനാലെ കേന്ദ്രീകൃതമായ ടൂറിസം പാക്കേജുകൾ ഇതിനകം തന്നെ ഹിറ്റായിക്കഴിഞ്ഞു. ഹൗസ് ബോട്ടുകൾ, മൂന്നാറിലേക്കുള്ള യാത്ര, എന്നിവയ്ക്കിടയിലുള്ള രണ്ടോ മൂന്നോ ദിവസത്തെ വിശ്രമ കേന്ദ്രം എന്നതിൽ നിന്ന് വ്യത്യസ്തമായി, കലയിലും പൈതൃകത്തിലും മുഴുകി കൂടുതൽ ദിവസം ചെലവഴിക്കാൻ സന്ദർശകർ ആഗ്രഹിക്കുന്ന നഗരമായി ഇക്കാലയളവിൽ കൊച്ചി മാറിയിട്ടുണ്ട്. വിദേശ സഞ്ചാരികളുടെ യാത്രാ ദൈർഘ്യം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്ന് ദ്രാവിഡിയൻ ട്രെയിൽസിന്റെ ഡയറക്ടറും കേരള ട്രാവൽ മാർട്ട് സൊസൈറ്റി സെക്രട്ടറിയുമായ എസ്. സ്വാമിനാഥൻ പറഞ്ഞു. സാധാരണയായി വിദേശ വിനോദസഞ്ചാരികൾക്കായി ടൂർ ഓപ്പറേറ്റർമാർ രണ്ട് രാത്രി താമസമാണ് കൊച്ചിയിൽ നിശ്ചയിക്കാറുള്ളത്. എന്നാൽ ബിനാലെ കാണാൻ വേണ്ടി മാത്രം സഞ്ചാരികൾ ഒന്നോ രണ്ടോ ദിവസത്തേക്ക് യാത്ര നീട്ടുന്നു. ഇത് ടൂറിസം മേഖലയ്ക്ക് അധിക വരുമാനം നേടിത്തരുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

സഞ്ചാരികൾ മാത്രമല്ല, കോൺസുലേറ്റ്, എംബസി ഉദ്യോഗസ്ഥരിൽ നിന്നും ബിനാലെ കേന്ദ്രീകൃത യാത്രാ ക്രമീകരണങ്ങൾക്കായുള്ള അന്വേഷണങ്ങൾ വർദ്ധിച്ചിട്ടുണ്ട്. നയതന്ത്രജ്ഞരും ആഗോള സാംസ്കാരിക സ്ഥാപനങ്ങളും ബിനാലെയെ 'കിരിക്കേ' പരിപാടിയായി കണക്കാക്കുന്നു. കൊച്ചിയിലെ സാമ്പത്തിക അവസരങ്ങളെ ആഡംബര ഹോട്ടലുകൾക്കപ്പുറത്തേക്ക് വ്യാപിപ്പിക്കാൻ ബിനാലെ കാരണമായതായി സ്വാമിനാഥൻ പറഞ്ഞു. ബിനാലെ സമയത്ത് ചെറുതും അറിയപ്പെടാത്തതുമായ ഹോംസ്റ്റേകൾ പോലും പൂർണ്ണമായി ബുക്ക് ചെയ്യപ്പെടും. വിദേശ കലാകാരന്മാർ ഒരു മാസം മുതൽ മൂന്ന് മാസം വരെ ഇവിടെ താമസിക്കാറുന്നെും അദ്ദേഹം കൂട്ടിച്ചേർത്തു. കൊച്ചി മുസിരിസ് ബിനാലെ പൂർണമായും കണ്ടു തീർക്കണമെങ്കിൽ കുറഞ്ഞത് മൂന്ന് ദിവസമെങ്കിലും വേണ്ടിവരുമെന്ന് കൊച്ചി ബിനാലെ ഫൗഷേൻ ചെയർപേഴ്സൺ ഡോ.വി.വേണു പറഞ്ഞു. ബിനാലെയുടെ വാണിജ്യ സാധ്യത പൂർണമായും ഉപയോഗപ്പെടുത്താൻ ടൂറിസം വ്യവസായത്തിന് സാധിക്കും. ഹോംസ്റ്റേകൾ മുതൽ പഞ്ചനക്ഷത്ര ഹോട്ടലുകൾ വരെയുള്ള ഈ മേഖലയ്ക്ക് ഒറ്റ സീസണിൽ തന്നെ മികച്ച വരുമാന സാധ്യതയാണുള്ളതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ബിനാലെയുടെ തീയതികൾ പ്രഖ്യാപിച്ചയുടൻ, മുൻ ലക്കങ്ങളിലെ ചിത്രങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയ പ്രത്യേക പരസ്യങ്ങളും പാക്കേജുകളും ടൂർ ഓപ്പറേറ്റർമാർ അവതരിപ്പിച്ചു തുടങ്ങി. ടൂറിസ്റ്റുകൾക്കിടയിൽ ബിനാലെയ്ക്ക് അഭൂതപൂർവമായ താൽപ്പര്യമാണുള്ളതെന്ന് ടൂർ ഓപ്പറേറ്റിംഗ് കമ്പനിയായ വിഗോബോണ്ട് ഡയറക്ടർ ശിബാനി വിഗ് പറഞ്ഞു.

ബിനാലെയും തെയ്യവും ഒന്നിച്ചു കാണുന്നതിനുള്ള പാക്കേജ് പ്രഖ്യാപിച്ച് 48 മണിക്കൂറിനുള്ളിൽ മുഴുവൻ ബുക്കിംഗ് ആയെന്ന് അവർ പറഞ്ഞു. അന്താരാഷ്ട്ര സന്ദർശകരുടെ എണ്ണത്തിൽ കുറഞ്ഞത് 10 ശതമാനം വർദ്ധനവ് പ്രതീക്ഷിക്കുന്നതായും കണക്കുകൾ സൂചിപ്പിക്കുന്നുവെന്ന് കെടിഎം സൊസൈറ്റി പ്രസിഡന്റ് ജോസ് പ്രദീപ് പറഞ്ഞു. അനുഭവവേദ്യ ടൂറിസം ആഗ്രഹിക്കുന്ന എല്ലാ സഞ്ചാരികൾക്കും ബിനാലെ പകരം വയ്ക്കാൻ ഇല്ലാത്ത ആകർഷണമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. കൊച്ചിയെക്കുറിച്ചുള്ള കാഴ്ചപ്പാട് തന്നെ ബിനാലെ മാറ്റിമറിച്ചതായി പയനിയർ പേഴ്സണലൈസ്ഡ് ഹോളിഡേയ്സിന്റെ ഡയറക്ടർ രഞ്ജു ജോസഫ് പറഞ്ഞു.

# എസ്.ഡി.എഫ്.സി ഉച്ചകോടി: അഭിമാനനേട്ടവുമായി മിൽമ



**കോഴിക്കോട്:** ഇന്ത്യൻ ഡയറി അസോസിയേഷന്റെ മികച്ച ക്ഷീര പ്രൊഫഷണലിനുള്ള പുരസ്ക്കാരം മിൽമ ഫെഡറേഷൻ (കേരള കോ-ഓപറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ) ചെയർമാൻ കെ.എസ് മണിക്ക് ലഭിച്ചു. രാജ്യത്തെ ക്ഷീരവികസന മേഖലയിലും വ്യവസായത്തിലും നൽകിയ സമഗ്ര സംഭാവനകൾ മാനിച്ചാണ് പുരസ്ക്കാരം. കോഴിക്കോട് നടക്കുന്ന സതേൺ ഡയറി ആൻഡ് ഫുഡ് ഉച്ചകോടിയിൽ വച്ച് സംസ്ഥാന ക്ഷീരവികസന, മൃഗസംരക്ഷണ മന്ത്രി ജെ, ചിഞ്ചുറാണിയുടെ സാന്നിദ്ധ്യത്തിൽ ആന്ധ്രാപ്രദേശ് കൃഷി, മൃഗസംരക്ഷണ വകുപ്പ് മന്ത്രി കിഞ്ചരാപ്പു അച്ചനായിഡു കെ.എസ് മണിക്ക് പുരസ്കാരം സമർപ്പിച്ചു.

തനിക്ക് ലഭിച്ച പുരസ്ക്കാരം കേരളത്തിലെ പത്തര ലക്ഷത്തോളം വരുന്ന ക്ഷീരകർഷക സഹപ്രവർത്തകർക്കായി സമർപ്പിക്കുന്നുവെന്ന് പുരസ്ക്കാരം സ്വീകരിച്ചു കൊണ്ട് കെ.എസ് മണി പറഞ്ഞു. 37 വർഷമായി ക്ഷീരമേഖലയിൽ പ്രവർത്തിക്കുകയാണ്. ഇതിനിടെ സംസ്ഥാനത്തെ ക്ഷീരകർഷകരുടെ വരുമാനം കൂട്ടാനും അതോടൊപ്പം തന്നെ മിൽമയെ വാണിജ്യ പുരോഗതിയിലെത്തിക്കാനും കഠിനമായ പരിശ്രമം നടത്തിയിട്ടുണ്ട്. ഇന്ന് ഒരു ലിറ്റർ പാലിന് കർഷകന് ഏറ്റവുമധികം വില രാജ്യത്ത് ലഭിക്കുന്നത് കേരളത്തിലാണെന്നത് അഭിമാനം പകരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ക്ഷീരകർഷക ക്ഷേമപദ്ധതികൾക്കൊപ്പം മിൽമയുടെ വളർച്ചയ്ക്കുള്ള പദ്ധതികളും നടപ്പാക്കി വരുന്നുന്നെ് അദ്ദേഹം പറഞ്ഞു. മലപ്പുറത്ത് മിൽമയുടെ പാൽപ്പൊടി ഫാക്ടറി ആരംഭിച്ചു. മൂല്യവർധിത ഉത്പന്നങ്ങളുടെ നീണ്ട നിര തന്നെ വിപണിയിലെത്തി. വിശേഷ അവസരങ്ങളിലെല്ലാം മിൽമ ഉൽപ്പന്നങ്ങൾക്ക് സർവകാല വിറ്റുവരവാണ് ലഭിച്ചതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# സിഎബികെ ക്രിക്ക്സ്പോ ഫെസ്റ്റ് 2026 തിരുവനന്തപുരത്ത്

**തിരുവനന്തപുരം:** തിരുവനന്തപുരം ക്രിക്കറ്റ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് ഇൻ കേരള അദാനി ഫൗണ്ടേഷന്റെയും യുഎസ്ടിയുടെയും സഹകരണത്തോടെ ക്രിക്ക്സ്പോ ഫെസ്റ്റ് 2026 സംഘടിപ്പിക്കുന്നു. 16 വയസിന് താഴെയുള്ള കാഴ്ച്ചപരിമിതരായ വിദ്യാർത്ഥികൾക്കായി സംസ്ഥാന തലത്തിൽ അത്‌ലറ്റിക്സ് മത്സരങ്ങളും ക്രിക്കറ്റ് മത്സരങ്ങളുമാണ് ഫെസ്റ്റിന്റെ ഭാഗമായി നടക്കുന്നത്. പുതിയ തലമുറയെ കായിക വിനോദത്തിലൂടെ ശാക്തീകരിക്കുകയാണ് ഫെസ്റ്റിന്റെ ലക്ഷ്യമെന്ന് സിഎബികെ പ്രസിഡന്റ് പി. ജിനീഷ് , വൈസ് പ്രസിഡന്റ് കെ. ആർ അനിൽകുമാർ എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഇന്ത്യയിൽ ഇതാദ്യമായാണ് കാഴ്ച്ചപരിമിതരായ വിദ്യാർത്ഥികൾക്ക് ഇത്തരത്തിലുള്ള അത്‌ലറ്റിക് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. കാഴ്ച്ചപരിമിതരുടെ ക്രിക്കറ്റിന്റെ എല്ലാ മാനദണ്ഡങ്ങളും ഉൾകൊണ്ട് പുതിയ ഫോർമാറ്റിലാണ് ക്രിക്കറ്റ് മത്സരം സംഘടിപ്പിക്കുന്നത്. വിഴിഞ്ഞം കോട്ടപ്പുറം സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്ക്കൂളിൽ ഇന്ന് രാവിലെ ഒമ്പതിന് തിരുവനന്തപുരം മേയർ വി. വി രാജേഷ് ഉത്ഘാടനം ചെയ്യും. വേൾഡ് ബ്ലൈൻഡ് ക്രിക്കറ്റ് കൗൺസിൽ സെക്രട്ടറി ജനറലും സിഎബികെ സെക്രട്ടറിയുമായ രജനീഷ് ഹെന്റി, അദാനി വിഴിഞ്ഞം പോർട്ട് കോർപ്പറേറ്റ് അഫയേഴ്സ് മേധാവി ഡോ. അനിൽ ബാലകൃഷ്ണൻ, അദാനി ഫൗണ്ടേഷൻ സിഎസ്ആർ മേധാവി സെബാസ്റ്റ്യൻ ബ്രിട്ടോ എ. ജി, യുഎസ്ടി സിഎസ്ആർ ലീഡ് വിനീത് മോഹൻ, വാർഡ് കൗൺസിലർ പനിയടിമ ജോൺ, സ്ക്കൂൾ പ്രിൻസിപ്പൽ സുനി ടി, റെവ. ഡോ. നിക്കോളാസ് താർസിയൂസ് എന്നിവർ പങ്കെടുക്കും.

ഇന്ന് അത്‌ലറ്റിക്സ് മത്സരങ്ങളും നാളെ ക്രിക്കറ്റ് മത്സരങ്ങളുമാണ് നടക്കുക. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള 8 സ്ക്കൂളുകളിലെ 16 വയസിന് താഴെയുള്ള കാഴ്ച്ച പരിമിതരായ ഇരുന്നൂറോളം കുട്ടികൾ ഫെസ്റ്റിൽ പങ്കെടുക്കും. ഇന്ന് വൈകിട്ട് നാലിന് നടക്കുന്ന ചടങ്ങിൽ അത്‌ലറ്റിക്സ് മത്സര വിജയികൾക്ക് എ. വിൻസെന്റ് എം.എൽ.എ സമ്മാനദാനം നിർവഹിക്കും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com